## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 77** **04.06.2018-ൽ മറുപടിക്ക്**

### അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾ

ചോദ്യം | മറുപടി

ശ്രീ. എം. ഉമ്മർ

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾക്ക് നൽകേണ്ട നിരക്കുകൾ സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; | എ) യും ബി) യും | അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ നിലവിൽ നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലികമായി വർദ്ധിപ്പിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ ക്രമപ്പെടുത്തിയും സ.ഉ. (അച്ചടി) നം. 03/2018/വിസവ. തീയതി 09.5.2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം.

**കേരള സർക്കാർ**

സംഗ്രഹം

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് - അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ നിലവിൽ നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലികമായി വർദ്ധിപ്പിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ ക്രമപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ (സി) വകുപ്പ്**

സ.ഉ. (അച്ചടി) നം. 03/2018/വിസവ. തീയതി, തിരുവനന്തപുരം, 09.5.2018

പരാമർശം:- 1. സ.ഉ.(ആർ.റ്റി.) നം. 1088/2010/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 4.11.2010.

2. സ.ഉ.(എം.എസ്) നം. 31/2013/ഐ.റ്റി.ഡി. തീയതി 17.10.2013.
3. സ.ഉ.(ആർ.റ്റി.) നം. 438/2013/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 23.3.2013.
4. സ.ഉ.(ആർ.റ്റി.) നം. 670/2015/എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയതി 21.2.2015.
5. കെ.എൻ.ആർ.കെ. വെൽഫയർ ഫണ്ട് ബോഡും അക്ഷയ ഡയറക്ടറും ചേർന്ന് ഒപ്പുവച്ച 13.10.2010-ലെ എം.ഒ.യു.
6. അക്ഷയ ഡയറക്ടറുടെ 29.11.2012-ലെ പ്രൊസീഡിംഗ്സ് നം. 713/2012/AKS/696.
7. ചീഫ് ഇലക്ടറൽ ഓഫീസറുടെ 10.10.2014-ലെ 4333/EL3/2014/Elec. നമ്പർ കത്ത്.
8. അക്ഷയ ഡയറക്ടറുടെ 7.9.2016-ലെ പ്രൊസീഡിംഗ്സ് നം. 866/2016/AKS/315.
9. അക്ഷയ ഡയറക്ടറുടെ 6.11.2017-ലെ 408/2017/എ.കെ.എസ്./1353 നമ്പർ കത്ത്.

**ഉത്തരവ്**

അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വ്യത്യസ്ത രീതിയിൽ സർവ്വീസ് ചാർജ് ഈടാക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 9-ലെ അക്ഷയ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ പരാമർശം 2 മുതൽ 8 വരെയുള്ള സർക്കാർ ഉത്തരവുകളും കത്തുകളും പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം കാലികമായി വർദ്ധിപ്പിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ അതോടൊപ്പം ക്രമപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | സേവനങ്ങൾ | നിലവിലെ നിരക്കുകൾ | പുതുക്കിയ / ക്രമപ്പെടുത്തിയ നിരക്കുകൾ |
|---|---|---|---|
| 1 | ഇ-ഡിസ്ട്രിക്റ്റ് സേവനങ്ങൾ | 1. ജനറൽ വിഭാഗത്തിന് 17 രൂപ (10 രൂപ അക്ഷയ കേന്ദ്രത്തിന് + 7 രൂപ സർക്കാറിന്)<br>2. ബി.പി.എൽ. വിഭാഗത്തിന് 15 രൂപ (10 രൂപ അക്ഷയ കേന്ദ്രത്തിന് + 5 രൂപ സർക്കാറിന്)<br>3. എസ്.സി. /എസ്.റ്റി. വിഭാഗത്തിന് 10 രൂപ.<br>4. സ്കാനിംഗ് /പ്രിന്റിംഗ് ചാർജ് 2 രൂപ (പേജൊന്നിന്) | 1. ജനറൽ വിഭാഗത്തിന് 25 രൂപ (18 രൂപ അക്ഷയ കേന്ദ്രത്തിന് + 7 രൂപ സർക്കാറിന്) + സ്കാനിംഗ് /പ്രിന്റിംഗ് ചാർജ് 3 രൂപ (പേജൊന്നിന്)<br>2. പ്രയോറിറ്റി റേഷൻ കാർഡുള്ളവർക്ക് 20 രൂപ<br>3. എസ്.സി./എസ്.റ്റി. വിഭാഗത്തിന് 10 രൂപ + സ്കാനിംഗ് /പ്രിന്റിംഗ് ചാർജ് 2 രൂപ) |
| 2 | യൂട്ടിലിറ്റി ബിൽ പേയ്മെന്റുകൾ | 1000 രൂപ വരെ - 10 രൂപ<br>1001-5000 വരെ - 20 രൂപ<br>5000 രൂപയ്ക്കു മുകളിൽ - തുകയുടെ 0.5% | 1000 രൂപ വരെ - 15 രൂപ<br>1001-5000 വരെ - 25 രൂപ<br>5000 രൂപയ്ക്കു മുകളിൽ - തുകയുടെ 0.5% |
| 3 | എസ്. സി/എസ്.റ്റി. വകുപ്പുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് സേവനങ്ങൾ | പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് 21 രൂപ.<br>അപേക്ഷ പുതുക്കുന്നതിന് 16 രൂപ | പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് 40 രൂപ.<br>അപേക്ഷ പുതുക്കുന്നതിന് 30 രൂപ (സ്കാനിംഗ് & പ്രിന്റിംഗ് ഉൾപ്പെടെ) |
| 4 | എസ്.സി. പ്രീമെട്രിക് സ്കോളർഷിപ്പ് | അപേക്ഷ ഒന്നിന് 12 രൂപ | അപേക്ഷ ഒന്നിന് 20 രൂപ (പ്രിന്റിംഗ് ചാർജ് ഉൾപ്പെടെ)<br>(സർവ്വീസ് ചാർജ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പാണ് അക്ഷയയ്ക്ക് നൽകേണ്ടത്) |
| 5 | പ്രവാസി ക്ഷേമ നിധിയുമായി ബന്ധപ്പെട്ട ഓൺലൈൻ പേയ്മെന്റ് സേവനങ്ങൾ | 500 രൂപ വരെ - 6 രൂപ<br>501-1000 വരെ - 11 രൂപ<br>1000 രൂപയ്ക്കു മുകളിൽ - 15 രൂപ. | 100 രൂപ വരെ - 10 രൂപ<br>101 മുതൽ 1000 രൂപ വരെ - 15 രൂപ<br>1001-5000 വരെ - 25 രൂപ<br>5000 രൂപയ്ക്കു മുകളിൽ - തുകയുടെ 0.5% |
| 6 | സമ്മതിദായക തിരിച്ചറിയൽ | അപേക്ഷ ഒന്നിന് 25/- രൂപ | അപേക്ഷ ഒന്നിന് 40/- രൂപ |

| | | | |
|---|---|---|---|
| | കാർഡ് | | (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 7 | ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ (ഫോം എ) | 25 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 50 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ്) (പേജൊന്നിന്) |
| 8 | ഫുഡ് സേഫ്റ്റി ലൈസൻസ് (ഫോം ബി) | 40 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 80 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ് (പേജൊന്നിന്) |
| 9(a) | ഫുഡ് സേഫ്റ്റി - പുതുക്കൽ (ഫോം എ) | 10 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 25 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ് (പേജൊന്നിന്) |
| 9(b) | ഫുഡ് സേഫ്റ്റി - പുതുക്കൽ (ഫോം ബി) | 10 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് | 25 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 10 | KEAM എൻട്രൻസ് പരീക്ഷയുടെ അപേക്ഷ സമർപ്പണവുമായി ബന്ധപ്പെട്ട സേവനങ്ങൾ | അപേക്ഷ ഒന്നിന് 50 രൂപ | 1. ജനറൽ വിഭാഗത്തിന് 60 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്)<br>2. SC/ST വിഭാഗത്തിന് 50 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 11 | ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ (പ്രീമെട്രിക്) സ്കോളർഷിപ്പ് രജിസ്ട്രേഷൻ | 60 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) | 60 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 12 | ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ (പോസ്റ്റ്മെട്രിക്) സ്കോളർഷിപ്പ് രജിസ്ട്രേഷൻ | 70 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) | 70 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 13 | കേരള സർക്കാർ സ്കോളർഷിപ്പുകൾ | നിരക്ക് നിശ്ചയിച്ചിട്ടില്ല | 40 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 14 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷകൾ | ,, | 20 രൂപ (സ്കാനിംഗ് & പ്രിന്റിംഗ് ഉൾപ്പെടെ) |

| | | | |
|---|---|---|---|
| 15 | വിവാഹ രജിസ്ട്രേഷൻ | ,, | 1. ജനറൽ വിഭാഗത്തിന് 70 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്)<br>2. SC/ST വിഭാഗത്തിന് 50 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 16 | എൻകംബ്രൻസ് സർട്ടിഫിക്കറ്റ് | ,, | 50 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 17 | ലൈഫ് സർട്ടിഫിക്കറ്റ് | ,, | 30 രൂപ (പ്രിന്റിംഗ് ചാർജ് ഉൾപ്പെടെ) |
| 18 | തൊഴിൽ വകുപ്പ് രജിസ്ട്രേഷൻ | ,, | 1. പുതിയ രജിസ്ട്രേഷന് 40 രൂപ<br>2. പുതുക്കലിന് 30 രൂപ<br>(പ്രിന്റിംഗ് ചാർജ് ഉൾപ്പെടെ) |
| 19 | മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ | ,, | 40 രൂപ + 3 രൂപ സ്കാൻ/പ്രിന്റ്+ട്രാൻസാക്ഷൻ ചാർജ്) |
| 20 | ഇൻകംടാക്സ് ഫയലിംഗ് | ,, | ചെറിയ കേസുകൾക്ക് 100 രൂപയും അല്ലാത്തവയ്ക്ക് 200 രൂപയും. |
| 21 (a) | ഫാക്ടറി രജിസ്ട്രേഷൻ (ഒറ്റത്തവണ രജിസ്ട്രേഷൻ) | ,, | 30 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 21 (b) | ഫാക്ടറി രജിസ്ട്രേഷൻ (പുതുക്കൽ) | ,, | 50 രൂപ |
| 21 (c) | ഫാക്ടറി രജിസ്ട്രേഷൻ (റിട്ടേൺ) | ,, | 40 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 22 | പാൻ കാർഡ് | ,, | 80 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്) |
| 23 | പാസ്പോർട്ട് | ,, | 200 രൂപ |
| 24 | മലിനീകരണ | | 200 രൂപ |

| | | | |
|---|---|---|---|
| | നിയന്ത്രണ ബോർഡ് ഓൺലൈൻ രജിസ്ട്രേഷൻ | ,, | |
| 25 | പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ | ,, | 1. ജനറൽ വിഭാഗത്തിന് 60 രൂപ + 3 രൂപ പ്രിന്റിംഗ് & സ്കാനിംഗ് (പേജൊന്നിന്)<br>2. SC/ST വിഭാഗത്തിന് 50 രൂപ (പ്രിന്റിംഗ്, സ്കാനിംഗ് ഉൾപ്പെടെ) |
| 26 | എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ | ,, | 50 രൂപ + 3 രൂപ പ്രിന്റിംഗ് / സ്കാനിംഗ് (പേജൊന്നിന്) |

മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടാത്ത ഏതെങ്കിലും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന നിർവ്വഹിക്കുകയാണെങ്കിൽ 20 ഫീൽഡിൽ കൂടുതൽ ഡേറ്റാ എൻട്രി ആവശ്യമില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് 20 രൂപയായും സ്കാൻ ചെയ്യുന്നതിന് പേജ് ഒന്നിന് 3 രൂപയും പ്രിന്റ് ചെയ്യുന്നതിന് 3 രൂപയും ആയി നിജപ്പെടുത്തിയും ഉത്തരവാകുന്നു. പ്രസ്തുത സേവനങ്ങളുടെ സർവ്വീസ് ചാർജുകൾ സംബന്ധിച്ച് അക്ഷയ ഡയറക്ടർ മേൽ വ്യവസ്ഥകൾ പാലിച്ച് പ്രത്യേകം നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്. പുതുക്കിയ നിരക്കുകൾ ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ അക്ഷയ സംരംഭകർക്കും അക്ഷയ ഡയറക്ടർ നിർദ്ദേശം നൽകേണ്ടതും പുതുക്കിയ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും നിശ്ചിത ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി അക്ഷയ ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം. ശിവശങ്കർ**
**സെക്രട്ടറി**

എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജനറൽ മാനേജർ, ബി.എസ്.എൻ.എൽ., തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പ്രവാസികാര്യം (NORKA), തിരുവനന്തപുരം.
ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.

എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമം, തിരുവനന്തപരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഉന്നതവിദ്യാഭ്യാസം / സാങ്കേതിക വിദ്യാഭ്യാസം / കോളേജ് വിദ്യാഭ്യാസം, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് / നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോഡ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ